പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.464 — 17.05.2017 ൽ മറുപടിയ്ക്ക്

വിലക്കയറ്റം തടയുന്നതിന് പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. എ.പി. അനിൽ കുമാർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസിന്റെ കീഴിൽ പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | 15.05.2017 ലെ സർക്കാർ ഉത്തരവ് (കൈ) നം. 10/2017/ഭ.സി.സ.വ. പ്രകാരം വിവിധ വകുപ്പുകളിലെ പ്രതിനിധികളെയും സർക്കാർ ഏജൻസികളെയും ടെക്നിക്കൽ സ്റ്റാഫിനെയും ഉൾപ്പെടുത്തി പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് അവശ്യസാധനങ്ങൾക്ക് അടിക്കടി ഉണ്ടാകുന്ന വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | അവശ്യസാധനങ്ങളുടെ വിലനിലവാരം വിവിധ ജില്ലകളിൽ നിന്നും കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച് ആയത് പരിശോധിച്ച് വിശകലനം നടത്തി അസ്വാഭാവികമായ വിലക്കയറ്റം കാണുന്ന സ്ഥലങ്ങളിൽ അടിയന്തിരമായി പരിശോധന നടത്തി നടപടി സ്വീകരിക്കുക, പൊതുജനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച പരാതികൾ പരിശോധിച്ച് സമയ ബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുക എന്നിവയാണ് പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | പ്രസ്തുത സെല്ലിന്റെ ഘടന, പ്രവർത്തനം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | സിവിൽ സപ്ലൈസ് ഡയറക്ടർ കൺവീനറും, കൃഷി വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ; ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ജോയിന്റ് ഡയറക്ടറും, രണ്ട് റിസോർസ് ഫെല്ലോയും; ഹോർട്ടികോർപ്പ് മാർക്കറ്റിംഗ് & പർച്ചെയ്സ് വിഭാഗം സീനിയർ ഓഫീസർ; സപ്ലൈകോ മാർക്കറ്റിംഗ് & കോമേഴ്സ് വിഭാഗം മാനേജർ; ഐ.ടി. മിഷൻ, ഡബ്ല്യു.റ്റി.ഒ. സെൽ എന്നിവിടങ്ങളിലെ ഓരോ |

| | | | |
|---|---|---|---|
| | | | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർ അംഗങ്ങളുമായുള്ളതാണ് പ്രസ്തുത സെൽ. വിലനിലവാരം സംബന്ധിച്ച് താഴെതട്ടിലുള്ള വിശകലനത്തിനു ശേഷം വിലവർദ്ധനവ് പിടിച്ചു നിർത്തുന്നതിനുള്ള സംവിധാനം കണ്ടെത്തി സർക്കാരിന് ശുപാർശ സമർപ്പിക്കുക എന്നതാണ് പ്രസ്തുത സെല്ലിന്റെ മുഖ്യ ചുമതല. |

സെക്ഷൻ ഓഫീസർ